ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE:**10.02.2025

## പ്രധാനവാർത്തകൾ

1. **സമ്മർദ്ദങ്ങളെ നേരിടാൻ എപ്പോഴും സജ്ജരായിരിക്കണമെന്ന് വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി; 'പരീക്ഷാ പേ ചർച്ച' യുടെ 8-ാം പതിപ്പിൽ പ്രധാനമന്ത്രി വിദ്യാർത്ഥികളുമായി സംവദിച്ചു.**

2. **നിയമസഭയിൽ ഇന്ന് ബജറ്റ് സംബന്ധിച്ച പൊതു ചർച്ചയ്ക്ക് തുടക്കമാകും.**

RNU TVPM

3. **കിഫ്ബി വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആശങ്കയുണ്ടാക്കരുതെന്ന് ധനമന്ത്രി.**

4. **പകുതി വില തട്ടിപ്പ് കേസിൽ അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറി സംസ്ഥാന സർക്കാർ.**

5. **ദേശീയ ഗെയിംസിൽ ആധിപത്യം തുടർന്ന് സർവീസസ് ; ഐ.എസ്.എല്ലിൽ ഇന്ന് ഒഡീഷ - പഞ്ചാബ് എഫ് സി പോരാട്ടം.**

==========================================

## പരീക്ഷാ പേ ചർച്ച (ഇൻട്രോ)

സമ്മർദ്ദങ്ങളെ നേരിടാൻ എപ്പോഴും സജ്ജരായിരിക്കണമെന്ന് വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. **'പരീക്ഷാ പേ ചർച്ച'** യുടെ 8-◌ാ◌ം പതിപ്പിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. ന്യൂഡൽഹിയിലെ സുന്ദർ നഴ്സറി പൈതൃക പാർക്കിൽ വിദ്യാർഥികളുമായി ചിലവഴിച്ച പ്രധാനമന്ത്രി ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടുന്നതിനുള്ള മികച്ച മാർഗങ്ങൾ പങ്കുവച്ചു. പെരുമാറ്റം കൊണ്ട് ബഹുമാനം നേടുകയും ജനങ്ങളുടെ പ്രശ്നം മനസിലാക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ നേതാക്കളെന്ന് അദ്ദേഹം പറഞ്ഞു.
( **വോയിസ്....** )

==========================================

RNU TVPM

## പ്രധാനമന്ത്രി സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-അമേരിക്ക സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഈ മാസം 12 വരെ ഫ്രാൻസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി, നിർമിതബുദ്ധി ഉച്ചകോടിയിലും ഉഭയകക്ഷിചർച്ചകളിലും പങ്കെടുക്കും. ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും ശ്രീ മോദി നിർവഹിക്കും. തുടർന്ന് രണ്ടു ദിവസത്തെ സന്ദർശന ത്തിനായി പ്രധാനമന്ത്രി അമേരിക്കയിലേക്ക് തിരിക്കും.

==========================================

## പാർലമെന്റ്

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം തുടരുന്നു. ബാങ്കുകളിൽ നിഷ്ക്രിയ ആസ്തികൾ ഉണ്ടെങ്കിൽ, സ്വർണ്ണ വായ്പകൾ ലേലം ചെയ്യുന്നതിന് കർശന നടപടിക്രമങ്ങൾ ഏർപ്പെടുത്തിയതായി കേന്ദ്ര സർക്കാർ ലോക്സഭയിൽ അറിയിച്ചു. രാജ്യത്ത്

ഭക്ഷ്യസുരക്ഷാ നിയമം കൂടുതൽ ഫലപ്രദമായി നടപ്പാക്കണമെന്ന് കോൺഗ്രസ് അംഗം സോണിയ ഗാന്ധി രാജ്യസഭയിൽ ഉന്നയിച്ചു. രാജ്യവ്യാപകമായി സെൻസസ് വൈകുന്നതിനാൽ യോഗ്യരായ 14 കോടി ആളുകൾക്ക് ഭക്ഷ്യസുരക്ഷാ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നും അവർ അഭിപ്രായപ്പെട്ടു.

=========================================

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം തുടരുന്നു. ഇന്ന് ബജറ്റ് സംബന്ധിച്ച പൊതു ചർച്ചയ്ക്ക് തുടക്കമാകും. ബുധനാഴ്ച വരെ ചർച്ച തുടരും. ഈ മാസം ഏഴിനാണ് ധനമന്ത്രി കെ.എൻ ബാലഗോപാൽ 2025 - 26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് നിയമസഭയിൽ അവതരിപ്പിച്ചത്.

=========================================

## സഭ-വാക്കൗട്ട് (ഇൻട്രോ)

കിഫ്ബി വിഷയം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്. പ്രതിപക്ഷത്തു നിന്ന് റോജി എം ജോൺ ആണ് നോട്ടീസ് നൽകിയത്. കിഫ്ബി വഴിയുള്ള നിരവധി പദ്ധതികൾ മുടങ്ങിക്കിടക്കുകയാണെന്ന് റോജി എം ജോൺ ആരോപിച്ചു. കിഫ്ബിയുടെ പ്രവർത്തനങ്ങളെ തകർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെന്ന് മന്ത്രി കെ.എൻ.ബാലഗോപാൽ മറുപടിയായി പറഞ്ഞു.

(വോയിസ്...)

എന്നാൽ കിഫ്ബി ബാധ്യതയുണ്ടാക്കുമെന്നും ഒച്ചിഴയുന്ന

RNU TVPM

വേഗതയിലാണ് കിഫ്ബിയുടെ പ്രവർത്തനമെന്നും പ്രതിപക്ഷനേതാവ് വി ഡി സതീശൻ ആവർത്തിച്ചു. (വോയിസ്....)

ധനമന്ത്രിയുടെ മറുപടിയെ തുടർന്ന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയായിരുന്നു.

=============================================

## നിയമസഭ - വി.എൻ.വാസവൻ

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് കേരളത്തിന് അർഹതപ്പെട്ട വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് മുഖ്യമന്ത്രി പിണറായി വിജയൻ കത്ത് അയച്ചിരുന്നതായി മന്ത്രി വി എൻ വാസവൻ. ഇത് സംബന്ധിച്ച് പ്രധാനമന്ത്രിയുടെ മറുപടി ലഭിക്കാനുണ്ട്. വിഴിഞ്ഞം തുറമുഖത്ത് ഒന്നാം ഘട്ടത്തിൽ 10 ലക്ഷം കണ്ടെയ്നർ ആയിരുന്നു ലക്ഷ്യം. സ്ഥാപിത ശേഷിയുടെ 94 % രണ്ട് മാസത്തിനുള്ളിൽ കൈവരിച്ചതായി മന്ത്രി നിയമസഭയിൽ അറിയിച്ചു.

PRD TVPM

=============================================

## വാസവൻ - കേരളബാങ്ക് ( ഇൻട്രോ )

കേരളത്തിലെ സഹകരണ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടാണ് കേരള ബാങ്കിന്റെ പ്രവർത്തനമെന്ന് മന്ത്രി വി.എൻ വാസവൻ. നിയമസഭയിൽ ചോദ്യോത്തരവേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. (വോയിസ്....)

=============================================

## പാതിവില തട്ടിപ്പ്

പാതിവില തട്ടിപ്പ് കേസിൽ അന്വേഷണം ക്രൈം ബ്രാഞ്ചിന് കൈമാറി സർക്കാർ ഉത്തരവിറക്കി. കേസിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിക്കാനും നിർദ്ദേശിച്ചതായാണ് റിപ്പോർട്ട്.

==========================================

## വി.ശിവൻകുട്ടി

എറണാകുളം തിരുവാണിയൂരിൽ CBSE സ്കൂൾ വിദ്യാർത്ഥി മിഹിറിന്റെ മരണത്തിന് ഇടയാക്കിയ സാഹചര്യം സർക്കാർ ഗൗരവത്തോടെയാണ് കാണുന്നതെന്ന് മന്ത്രി വി.ശിവൻകുട്ടി. കുട്ടി പഠിച്ചിരുന്ന ഗ്ലോബൽ പബ്ലിക് സ്കൂൾ ഇതുവരെ എൻ.ഒ.സി ഹാജരാക്കിയിട്ടില്ലെന്നും സി.ബി.എസ്.ഇ സ്കൂളുകൾ പ്രവർത്തിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എൻ.ഒ.സി ആവശ്യമാണെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

RNU TVPM

==========================================

## കല്ലൂർ ബാലൻ അന്തരിച്ചു

വൃക്ഷ തൈകൾ നടുന്നതും സംരക്ഷിക്കുന്നതും ജീവിതചര്യയാക്കിയ പാലക്കാട്ടെ പരിസ്ഥിതി പ്രവർത്തകൻ കല്ലൂർ ബാലൻ അന്തരിച്ചു. 75 വയസ്സായിരുന്നു. പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളിലായാണ് ഇദ്ദേഹം വൃക്ഷ തൈകൾ നട്ട് സംരക്ഷിച്ചിരുന്നത്. കാടിറങ്ങുന്ന മൃഗങ്ങൾക്ക് പഴങ്ങളും വെള്ളവും നൽകിയും കല്ലൂർ ബാലൻ ശ്രദ്ധേയനായിരുന്നു.

==========================================

## വയനാട് -കടുവ

വയനാട് തലപ്പുഴയിലും പരിസരത്തും കടുവയുടെ കാൽപാടുകൾ കണ്ടെത്തിയ സാഹചര്യത്തിൽ വനംവകുപ്പ് തെരച്ചിൽ ഊർജ്ജിതമാക്കി. പ്രദേശത്ത് 14 ക്യാമറ ട്രാപ്പുകളും രണ്ട് ലൈവ് ക്യാമറകളും സ്ഥാപിച്ചു. ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

==========================================

## എറണാകുളം- കടുവ

എറണാകുളം ജില്ലയിൽ കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ച കോതമംഗലം കുളങ്ങാട്ടുകുഴി മേഖലയിലും നിരീക്ഷണം ശക്തമാക്കി. വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രദേശത്ത് മുഴുവൻ സമയ പട്രോളിംഗ് നടത്തിവരുന്നുണ്ട്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ ആവശ്യപ്പെട്ടു.

RNU TVPM

==========================================

## ദേശീയ ഗെയിംസ്

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുന്നു. കർണാടക രണ്ടാമതും മഹാരാഷ്ട്ര മൂന്നാമതുമാണ്. 41 മെഡലുകളുമായി കേരളം ഒൻപതാം സ്ഥാനത്താണ്.

==========================================

## ഐ.എസ്.എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഇന്ന് ഒഡീഷ - പഞ്ചാബ് എഫ് സിയെ നേരിടും. രാത്രി 07.30 ന് ഒഡീഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

==========================================

## ഇടുക്കി (ഇൻട്രോ)

കാന്തല്ലൂരിൽ എത്തുന്ന വിനോദ സഞ്ചാരികൾക്ക് ഇനി മുതൽ സ്ട്രോബറി മധുരം നുകരാം. പുതിയ സീസണിലേക്കായി കൃഷിയിറക്കിയിരുന്ന സ്ട്രോബെറികളിൽ നിന്നും കർഷകർ വിളവെടുക്കാൻ ആരംഭിച്ചു. ഒമ്പത് മാസക്കാലം വരെ ഈ വിളവെടുപ്പ് തുടരും.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ....**

(വോയിസ്)

RNU TVPM

==========================================

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 653 പോയിന്റ് ഇടിഞ്ഞ് 77,208 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 208 പോയിന്റ് നഷ്ടത്തിൽ 23,352 ലും വ്യാപാരം തുടരുന്നു.
സ്വർണ്ണവില കൂടി. പവന് 280 രൂപ വർധിച്ച് 63,840 രൂപയും ഗ്രാമിന് 7,980 രൂപയുമാണ് ഇന്നത്തെ വില.

==========================================

## കണ്ണൂർ -റിപ്പബ്ലിക് ദിന പരേഡ്

ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്ത കണ്ണൂർ 31 ബറ്റാലിയൻ എൻസിസി കേഡറ്റുകൾക്ക് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ സ്വീകരണം നൽകി. ഈ വർഷം ഏഴ് കേഡറ്റുകളാണ് 31 ബറ്റാലിയനിൽ നിന്നും പങ്കടുത്തത്. കേഡറ്റുകൾക്ക് രാജ്ഭവനും സംസ്ഥാന സർക്കാരും സ്വീകരണം നൽകിയിരുന്നു.

==============================================

==================================================

==============================================

RNU TVPM